# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 133 　　　　 12.07.2016 -ൽ മറുപടിക്ക്

**ചരിത്രസ്മാരകങ്ങളും പൈതൃക സമ്പത്തും സംരക്ഷിക്കുന്നതിന് നടപടി**

ചോദ്യം 　　　　　　　　　　　　 ഉത്തരം

ശ്രീ.കെ.കുഞ്ഞിരാമൻ :
ശ്രീ. ഐ.ബി.സതീഷ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. ഒ.ആർ.കേളു

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തുവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും അധികാരികളുടെ അനാസ്ഥമൂലം നശിച്ചുകൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | പുരാവസ്തുവകുപ്പിന്റെ അധീനതയിൽ 179 സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളത്. ഇവയെ പുരാവസ്തുവകുപ്പിന് ലഭ്യമായ ഫണ്ടിന്റെയും ഉദ്യോഗസ്ഥരുടെയും അടിസ്ഥാനത്തിൽ സംരക്ഷിച്ചു വരുന്നു. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ചരിത്ര സ്മാരകങ്ങളും |
| (സി) | നിലവിലുള്ള ചരിത്രസ്മാരകങ്ങളും പൈതൃക സമ്പത്തും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | പൈതൃക സമ്പത്തും സംരക്ഷിക്കുന്നുണ്ട്. ചരിത്ര, സാംസ്കാരിക, പൈതൃക മൂല്യങ്ങൾ പരിഗണിച്ചും 100 വർഷത്തിൽ കൂടുതൽ കാലങ്ങളായി നിലനിൽക്കുന്നതുമായ സവിശേഷത പരിഗണിച്ചുമാണ് ഇവ സംരക്ഷിച്ചു പോരുന്നത്. കൂടാതെ എല്ലാ ജില്ലകളിലും ഉള്ള പൗരാണിക സവിശേഷതകളുടെ ജില്ലാതല പുരാവസ്തു പൈതൃകമ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 8 ജില്ലകളിൽ മ്യൂസിയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ ചരിത്രസ്മാരകങ്ങളും പൈതൃകസമ്പത്തും ഭാവിതലമുറയ്ക്കായി സംരക്ഷിക്കുന്നതിന് ഉതകുന്നവയാണ്. |
| (ഡി) | പ്രസ്തുത പുരാവസ്തു-പൈതൃക കേന്ദ്രങ്ങൾ സംരക്ഷിച്ചു കൊണ്ട് വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമോയെന്ന് വിശദമാക്കാമോ ? | (ഡി) | സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പിൽ അർപ്പിതമായ കർത്തവ്യം. സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ